പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1355 | 11-08-2017-ലെ മറുപടിയ്ക്ക്

**ജൈവ വളങ്ങളുടെ ഗുണനിലവാരം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **എ)** വിപണിയിൽ ലഭ്യമായ 80 ശതമാനം ജൈവവളങ്ങളും ഗുണനിലവാരംകുറഞ്ഞവയാണെന്ന പഠന റിപ്പോർട്ടുണ്ടോ;<br><br>**(ബി)** എങ്കിൽ ഏത് ലബോറട്ടറിയിൽ നടത്തിയ പരിശോധനയിലാണ് ഇത് തെളിഞ്ഞത്; | **(എ) & (ബി)** ജൈവവളങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് കൃഷിവകുപ്പ് നേരിട്ട് പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ കേരള കാർഷിക സർവ്വകലാശാല, റബ്ബർ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നടന്നിട്ടുള്ള ഗവേഷണ പഠനങ്ങളിൽ വിപണിയിൽ ലഭ്യമാകുന്ന ജൈവവളങ്ങളിൽ ഗുണനിലവാരമില്ലാത്ത ധാരാളം ഉല്പന്നങ്ങളും കണ്ടെത്തിയിട്ടുള്ളതായി റിപ്പോർട്ടുകൾ ഉണ്ട്. ഈ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ജൈവ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ഒരു കർമ്മ പദ്ധതി നടപ്പിലാക്കുന്നതിന് കൃഷിവകുപ്പ് നടപടികളെടുത്തുവരുന്നു. ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ, 1985 പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള അംഗീകൃത ലബോറട്ടറികളിലൂടെ കൃഷിവകുപ്പ് നടത്തിയിട്ടുള്ള ഗുണ പരിശോധനകളിലൊന്നും ജൈവവളങ്ങളുടെ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| **(സി)** കർഷകർ ഉപയോഗിച്ചു വരുന്ന പ്രധാനപ്പെട്ട ജൈവ വളങ്ങൾ ഏതെല്ലാമാണെന്ന വ്യക്തമാക്കാമോ; | **(സി)** സിറ്റി കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, ഓർഗാനിക് മാനുവർ, ബയോ എൻറിച്ച്ഡ് ഓർഗാനിക്ക് മാനുവർ, എല്ലുപൊടി (അസംസ്കൃതം), എല്ലുപൊടി (നീരാവിയിൽ സംസ്കരിച്ചത്), ഫോസ്ഫേറ്റ് റിച്ച് ഓർഗാനിക് മാനുവർ എന്നീ ഏഴിനം ജൈവവളങ്ങൾക്കാണ് ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം, അംഗീകൃത മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇവ ഉല്പാദിപ്പിക്കുന്നതിന് സംസ്ഥാനത്ത് നിലവിൽ 67 ഏജൻസികൾക്ക് കൃഷിവകുപ്പ് രജിസ്ട്രേഷൻ |

നൽകിയിട്ടുണ്ട്. അംഗീകൃത ജൈവവളങ്ങൾ കൂടാതെ, പ്രാദേശികമായി ഉല്പാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന നിരവധി ഉല്പന്നങ്ങളും സംസ്ഥാനത്തെ കർഷകർ ഉപയോഗിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഇവയുടെ സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്താനുള്ള സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | കേന്ദ്ര സർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏഴിനം ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ചുമതല കൃഷിവകുപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ലബോറട്ടറി സംവിധാനം സംസ്ഥാനത്ത് നിലവിലില്ലാത്തതിനാൽ, ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തെയാണ് നാളിതുവരെ ഗുണനിലവാര പരിശോധനയ്ക്കായി ആശ്രയിച്ച് വന്നിരുന്നത്. ഇക്കാരണത്താൽ ജൈവവളങ്ങളുടെ പരിമിതമായ സാമ്പിളുകൾ മാത്രമാണ് ഓരോ വർഷവും പരിശോധന നടത്തിയിരുന്നത്. അംഗീകൃത ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധന ശക്തിപ്പെടുത്തുവാനായി കൃഷിവകുപ്പ് പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പുതുതായി സ്ഥാപിക്കുന്ന ജൈവവള ഗുണനിലവാര പരിശോധനശാലയുടെ പ്രവർത്തനം ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985-ന്റെ മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരം നേടിയിട്ടില്ലാത്ത ജൈവവളങ്ങളുടെ ഗുണനിലവാര നിയന്ത്രണത്തിന് നിലവിൽ പരിമിതികളുണ്ട്. എങ്കിലും കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ ഇത്തരം ഉല്പന്നങ്ങളുടെ ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതിന് കൃഷിവകുപ്പ് നടപടി കൈകൊണ്ടുവരുന്നു. |

**സെക്ഷൻ ഓഫീസർ**